**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജ്യോതി ജീവ പൂർണ്ണ ട്രസ്റ്റ് - അർച്ചന വിമൻസ് സെന്റർ, ഏറ്റുമാനൂർ, കോട്ടയം - അക്രഡിറ്റേഷൻ നൽകൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.**505/2018**/തസ്വഭവ തീയതി, തിരുവനന്തപുരം**21.02.2018**

---

വായന :-
1. 30.03.2013 ലെ സ.ഉ (എം.എസ്) നം. 133/2013/തസ്വഭവ
2. 26.04.2013-ലെ സ.ഉ (സാധാ) നം. 1159/2013/തസ്വഭവ
3. 11.07.2013 ലെ സ.ഉ (സാധാ) നം. 1833/2013/തസ്വഭവ
4. അർച്ചന വിമൻസ് സെന്റർ ഡയറക്ടറുടെ 23/05/2017, 22/12/2017 തീയതികളിലെ അപേക്ഷകൾ
5. 30.05.2017 ലെ സ.ഉ (സാധാ) നം. 1785/2017/തസ്വഭവ
6. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17/07/2017, 24/11/2017 തീയതികളിലെ ഡിബി1/4887/12/സി.ഇ നമ്പർ കത്തുകൾ
7. അക്രഡിറ്റേഷൻ കമ്മിറ്റിയുടെ 27/09/2017,14/02/2018 തീയതികളിലെ യോഗ തീരുമാനങ്ങൾ

## <u>ഉത്തരവ്</u>

നിർമ്മാണം, മാലിന്യ സംസ്കരണം, ജൈവ കൃഷി, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ശുദ്ധ ജല-ശുചിത്വ ബോധവത്കരണ പരിപാടികൾ, കുട്ടികൾക്കുള്ള നൈപുണ്യ വിദ്യാഭ്യാസം, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള കൗൺസിലിംഗ് സേവനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള അക്രഡിറ്റേഷൻ ഏജൻസിയായി അർച്ചന വിമൻസ് സെന്ററിനെ അംഗീകരിക്കണമെന്ന് വായന (4) പ്രകാരം അർച്ചന വിമൻസ് സെന്റർ ഡയറക്ടർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. വായന (1)ലെ സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖയുടെ വെളിച്ചത്തിൽ ആയത് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറായി വായന (5) പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. 27/09/2017 ൽ ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം, ജ്യോതി ജീവ പൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ അപേക്ഷ പുന:പരിശോധിക്കുന്നതിനായി വായന (5) പ്രകാരം രൂപീകൃതമായ കമ്മിറ്റി 06/11/2017 ൽ യോഗം ചേരുകയും ഫീൽഡ് ലവൽ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടും ഗ്രേഡിംഗ് ഷീറ്റും പരിശോധിക്കുകയുണ്ടായി എന്നും ഏജൻസിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ഏജൻസിക്ക് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മേസണറി(ബ്രിക്ക് വർക്ക്), പ്ലാസ്റ്ററിംഗ്, പ്ലംബിംഗ്. ഇലക്ട്രിക്കൽ, കാർപെന്ററി,പോളിഷിങ്ങ് & പെയിന്റിംഗ് പ്രവൃത്തികൾ, ഫെറോ സിമന്റ് ടെക്നോളജി ഉപയോഗിച്ചുള്ള നിർമ്മാണങ്ങൾ, മഴവെള്ളസംഭരണി നിർമ്മാണം, പേവിംഗ് ടൈൽ നിർമ്മാണം ,ജൈവകൃഷി, കിണർ റീ-ചാർജ്ജിംഗ്, ബാഗ് നിർമ്മാണം, ആട്ടിൻ കൂട് നിർമ്മാണം എന്നീ മേഖലകളിൽ വനിതകൾക്ക് പരിശീലനം നൽകുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി ശുപാർശ ചെയ്യുവാനും ആയതിലേക്ക് തയ്യാറാക്കിയ 76%

മാർക്കിന്റെ ഗ്രേഡിംഗ് ഷീറ്റ് അംഗീകരിക്കാനും തീരുമാനിച്ചുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വായന (6) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) മുകളിൽ ക്രമ നമ്പർ 2,3 പ്രകാരം വായിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച അക്രഡിറ്റേഷൻ കമ്മിറ്റിയുടെ 14/02/2018 ൽ ചേർന്ന യോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മേസണറി(ബ്രിക്ക് വർക്ക്), പ്ലാസ്റ്ററിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ, കാർപ്പെന്ററി, പോളിഷിങ്ങ് &പെയിന്റിംഗ് പ്രവൃത്തികൾ, ഫെറോ സിമന്റ് ടെക്നോളജി ഉപയോഗിച്ചുള്ള നിർമ്മാണങ്ങൾ , മഴവെള്ള സംഭരണി നിർമ്മാണം, ജൈവകൃഷി, കിണർ റീ-ചാർജ്ജിംഗ്, ബാഗ് നിർമ്മാണം, ആട്ടിൻ കൂട് നിർമ്മാണം, പേവിംഗ് ടൈൽ നിർമ്മാണം എന്നീ മേഖലകളിൽ വനിതകൾക്ക് പരിശീലനം നൽകുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ,ജ്യോതി ജീവ പൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന് അക്രഡിറ്റേഷൻ നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എൻ.വിശ്രുതൻ ആചാരി**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, ജ്യോതി ജീവ പൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്റർ, പോസ്റ്റ് ബോക്സ് നം. 53, ഏറ്റുമാനൂർ പി.ഒ, കോട്ടയം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**